പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*524

19.05.2017 -ലെ മറുപടിയ്ക്ക്

# തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ജോയി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.പി.ഉണ്ണി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) തൊഴിൽ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം, വേതന സുരക്ഷാ പദ്ധതി എന്നിങ്ങനെ രണ്ട് പ്രധാന ഇ-ഗവേണൻസ് പദ്ധതികൾ തൊഴിൽ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വകുപ്പിന്റെ വിവിധ തലങ്ങളിൽ ലഭിക്കുന്ന വ്യത്യസ്തമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇത് എപ്രകാരമെല്ലാം പ്രയോജനപ്പെടുന്നു എന്ന് വിശദമാക്കാമോ; | ബി) ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) മുഖാന്തിരം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, ഭേദഗതി എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നുണ്ട്. ഇതിലൂടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി നൽകുവാൻ കഴിയുന്നു. സ്ഥാപന പരിശോധനയ്ക്ക് ശേഷമുള്ള തുടർനടപടികൾ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുന്നത് വകുപ്പ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ സഹായകരമാകുന്നു. കൂടാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാനും സാധിക്കുന്നു.<br>അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ വേജ് |

സ്ലിപ്പ് ഓൺലൈനായി ലഭ്യമാകുന്നു. വേതന സുരക്ഷാ പദ്ധതി വഴിയുള്ള ശമ്പളവിതരണപ്രക്രിയകൾ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും പരാതികൾ യഥാസമയം പരിഹരിക്കുന്നതിനും സാധിക്കുന്നു. ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുകയും ചെയ്യുന്നു.

കോൾ സെന്റർ മുഖാന്തിരം ലഭ്യമാകുന്ന പരാതികളിന്മേൽ യഥാസമയം തന്നെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിഹാരം കാണുന്നുണ്ട്.

സി) സർക്കാർ മിനിമം വേതനം നിശ്ചയിച്ച തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആയത് ഉറപ്പാക്കുന്നതിനായി ഇ-പേയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സി) ഉണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെ തന്നെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. നാളിതുവരെ 4560 സ്ഥാപനങ്ങളിൽ നിന്നും 99237 ജീവന ക്കാർക്ക് 515 കോടി രൂപ ടി പദ്ധതി വഴി വിതരണം നടത്തിയിട്ടുണ്ട്.

Sreelekha

**സെക്ഷൻ ഓഫീസർ**